**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.479** — **22.03.2018-ൽ മറുപടിയ്ക്ക്**

## ഭാഗ്യക്കുറി സമ്മാനങ്ങൾ നൽകുന്നതിന് കാലതാമസം

| ചോദ്യം<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, സി.മമ്മൂട്ടി<br>,, പി.ബി. അബ്ദുൽ റസ്സാക്ക് : | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറിയിൽ സമ്മാനാർഹരാകുന്നവർക്ക് സമ്മാനത്തുക നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം വകമാറ്റി ചെലവിടാറുണ്ടോ; | (ബി) | ലോട്ടറിയുടെ വിറ്റുവരവ് സംസ്ഥാന സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കുകയും ചെലവുകൾക്ക് അതിനായി പണം വകയിരുത്തിയിരിക്കുന്ന കണക്ക് ശീർഷകത്തിൽ നിന്ന് പണം പിൻവലിച്ച് നല്കുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് ലോട്ടറി വിറ്റുവരവ് പൂർണ്ണമായും ട്രഷറിയിൽ അടയ്ക്കുകയും ചെലവുകൾക്ക് പ്രത്യേക ബഡ്ജറ്റ് കണക്കിൽ നിന്ന് പണം കണ്ടെത്തുകയും ചെയ്യണം. ഇങ്ങനെയാണ് സംസ്ഥാന ഭാഗ്യക്കുറി പ്രവർത്തിക്കുന്നത്. ആകയാൽ വക മാറ്റി ചെലവിടുക എന്ന പ്രശ്നം ഉദിയ്ക്കുന്നില്ല. |
| (സി) | ഭാഗ്യക്കുറി സമ്മാനങ്ങൾ കാലവിളംബം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഭാഗ്യക്കുറികളുടെ സമ്മാന വിതരണ നടപടിക്രമങ്ങൾ കാലതാമസം കൂടാതെയാണ് നടത്തിവരുന്നത്. മതിയായ രേഖകളുടെ അഭാവം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ പ്രസ്തുത രേഖകൾ ലഭ്യമാക്കി സമ്മാനാർഹർക്ക് സമ്മാനത്തുക താമസം വിനാ നൽകി വരുന്നുണ്ട്. നിയമ നടപടികളോ കോടതി നടപടികളോ നേരിടുന്ന സന്ദർഭങ്ങളിൽ ഉണ്ടാകുന്ന കാലവിളംബം നീക്കികിട്ടുന്നതിന് പ്രസ്തുത ഫോറങ്ങളിൽ സമയബന്ധിതമായി അപേക്ഷ നൽകി പരിഹാരം കാണാറുണ്ട്. |

സെക്ഷൻ ഓഫീസർ